പുഷ്കരം എന്ന തീർത്ഥാടനകേന്ദ്രം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

രാജസ്ഥാനിലെ ഭൂരിഭാഗം സ്ഥലവും മരുപ്രദേശങ്ങളാണ്. എന്നാൽ, ഇവിടെയും പ്രകൃതിരമണീയങ്ങളായ ചില ഭൂവിഭാഗങ്ങളുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. ആജ്മീറിൽനിന്നു കഷ്ടിച്ചു പതിനൊന്നു കിലോമീററർ അകലെ, ആരവല്ലി കുന്നുകളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന പുഷ്കരം എന്ന സ്ഥലം ഇതിനൊരുദാഹരണമാണ്. പച്ചപിടിച്ചു നില്ക്കുന്ന നിരവധി കുന്നുകളുടെ ഇടയിൽ വിരാജിക്കുന്ന മനോഹരമായ പുഷ്കരതടാകം കാണികളെ വിസ്മയിപ്പിക്കത്തക്ക സവിശേഷതകൾ വഹിക്കുന്ന ഒന്നാണ്. നീലമേലാപ്പിലുരുമ്മി നില്ക്കുന്നതെന്നു സംശയിക്കത്തക്ക ഉയരമുള്ള ഹരിതമലകളാണു ചുററിലും. മലയിടുക്കിലൂടെ വളഞ്ഞുപുളഞ്ഞു കിടക്കുന്ന റോഡിലൂടെ, യാത്ര ചെയ്യുമ്പോൾ, ദൃശ്യമാകുന്ന പ്രകൃതിഭംഗി ആരിലും രോമാഞ്ചമുളവാക്കും. ശുദ്ധശീതളമായ ബാലവാതം ശരീരം തഴുകി കടന്നുപോകുമ്പോൾ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ആനന്ദം ഹൃദയത്തെ ഉത്തേജിപ്പിക്കും.

ഭാരതത്തിലാകമാനം അറിയപ്പെട്ടിട്ടുള്ള ഒരു വിശുദ്ധ തീർത്ഥസ്ഥലത്തേക്കാണു പോകുന്നതെന്ന ബോധം അനന്യലഭ്യമായ വികാരവിചാരങ്ങൾ നമ്മുടെ മനസ്സിൽ ഉളവാക്കുന്നതാണ്. സമുദ്രനിരപ്പിൽനിന്ന് അഞ്ഞൂററിമുപ്പതോളം കിലോമീററർ ഉയരത്തിലുള്ള ഈ പ്രകൃതിരമണീയമായ സങ്കേതത്തിൽ, പുഷ്കരതടാകത്തെ ചുററിപ്പററി, കുറെയധികം ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. ബ്രഹ്മാവിനെ പ്രതിഷ്ഠിച്ചിട്ടുള്ള അപൂർവം ക്ഷേത്രങ്ങളിലൊന്ന് ഇവിടെ കാണാം. പുരാണേതിഹാസങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള പ്രധാനപ്പെട്ട തീർത്ഥാടന സങ്കേതമാണ് ഇവിടം. മാനസസരസ്സു കഴിഞ്ഞാൽ ഇത്രയേറെ പ്രാമാണ്യം നേടിയിട്ടുള്ള മറെറാരു പുണ്യതടാകം ഉണ്ടോയെന്നും സംശയമാണ്. ആണ്ടുതോറും കാർത്തികമാസത്തിലാണ് ഇവിടെ ഏററവും പ്രധാനപ്പെട്ട ഉൽസവം നടക്കുന്നതു്. ഒന്നൊന്നര ലക്ഷത്തോളം തീർത്ഥാടകർ ഈ കാലത്തു് ഇവിടെ എത്തുന്നതു പതിവാണ്. കാർത്തികശുക്ളഏകാദശിമുതൽ കാർത്തികപൂർണ്ണിമ വരെയാണു മുഖ്യമായ ഉൽസവകാലം.

പുഷ്കരതടാകത്തിൻെറ ഉൽപത്തിയെക്കുറിച്ചു പത്മപുരാണത്തിൽ പരാമർശിച്ചിട്ടുള്ള കഥ ഇവിടെ സ്മരണീയമാണ്. വിജ്റനാഭനെന്ന ഒരു രാക്ഷസൻ ഇവിടെ ഉണ്ടായിരുന്നത്രേ. അയാൾ ബ്രഹ്മസന്തതികളെ നിർദ്ദാക്ഷിണ്യം കൊല ചെയ്യാൻ തുടങ്ങി. രോഷാകുലനായ ബ്രഹ്മാവ് ഇവിടെയെത്തി രാക്ഷസനെ താമരപ്പൂവുകൊണ്ടു നിഗ്രഹിച്ചു. ആ പത്മത്തിൻെറ ദളങ്ങളിൽ മൂന്നെണ്ണം അടർന്നു മൂന്നു സ്ഥലത്തു വീണു. അവിടെ മൂന്നു പൊയ്കകൾ ഉദ്ഭവിച്ച് മൂന്നു തടാകങ്ങളായി പരിണമിച്ചു. അവയെ ജ്യേഷ്ഠപുഷ്കരം, മദ്ധ്യപുഷ്കരം, കനിഷ്ഠപുഷ്കരം എന്ന് അറിയാറായി. ഇതിനുശേഷം ബ്രഹ്മാവ് ഒരു യജ്ഞം നടത്തുവാൻ തീരുമാനിച്ചു ദേവന്മാരെയും ഋഷികളെയും ക്ഷണിച്ചുവരുത്തി.

> **രാജസ്ഥാനിലെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമാണ് പുഷ്കരം. അതിനെക്കുറിച്ച് ഒരു വിവരണം.**

യജ്ഞം നടത്തേണ്ടിയിരുന്ന ശുഭമുഹൂർത്തം സമീപിച്ചപ്പോഴും ബ്രഹ്മപത്നി അവിടെയെത്തിയില്ല. പുണ്യകർമ്മം നീട്ടിവയ്ക്കുവാൻ വഴിയുമില്ല. അതിനാൽ അവിടെ ആഗതയായിരുന്ന ഗുർജാർ വനിതയായ ഗായത്രിയെ ബ്രഹ്മാവു പത്നിയായി സ്വീകരിച്ചു സമീപം ഉപവിഷ്ടയാക്കി. യജ്ഞം മുറപ്രകാരം ആരംഭിച്ചു. ഈ സമയം പാർവതി, ലക്ഷ്മി എന്നിവരോടൊത്തു സർവാലങ്കാരവിഭൂഷിതയായി ബ്രഹ്മപത്നി അവിടെആഗതയായി. ഭർതൃസമീപം അന്യവനിതയെ ദർശിച്ച അവർക്കു കോപം അടക്കുവാൻ സാധിച്ചില്ല. യജ്ഞത്തിൽ സംബന്ധിച്ചിരുന്നവരെയും സ്വഭർത്താവിനെയും അവർ കഠിനമായി ശപിച്ചു. എല്ലാവരും ഭയവിഹ്വലരായി എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു നില്ക്കുമ്പോൾ, ശാപം ഫലിക്കാതെയിരിക്കുവാൻ ശാപമോചിനിയെ ബ്രഹ്മാവു സൃഷ്ടിച്ച്, അവരെ ദർശിക്കുവാൻ വഴിയുണ്ടാക്കി.

ബ്രഹ്മാവിൻെറ യജ്ഞം കാർത്തികപൂർണ്ണിമദിവസമാണ് പൂർത്തിയായതു്. അതിനുശേഷമത്രേ കാർത്തികപൂർണ്ണിമ ഇവിടെ പുണ്യദിവസമായിത്തീർന്നതു്. പുഷ്കരതടാകത്തിൻെറ തീരത്തു ബ്രഹ്മാവിനെ കൂടാതെ, ബ്രഹ്മപത്നി, ഗായത്രിഎന്നിവരുടെയുംക്ഷേത്രങ്ങൾ ഇന്നുണ്ട്. രണ്ടു കുന്നുകളിൽ പരസ്പരം ദർശനമാക്കിയാണു ബ്രഹ്മപത്നിയുടെയും ഗായത്രിയുടെയും ക്ഷേത്രങ്ങളുടെ സ്ഥാനം. തീർത്ഥാടകർ ഇവിടെ വരുന്നതു പുഷ്കരതീർത്ഥത്തിൽ സ്നാനം ചെയ്തു വിശുദ്ധിയാർജ്ജിക്കുവാനാണ്. ഭാരതത്തിലെ തീർത്ഥങ്ങളെല്ലാം സന്ദർശിച്ചാലും പുഷ്കരം സന്ദർശനംകൊണ്ടേ തീർത്ഥാടനം സമ്പൂർണ്ണമാകൂ എന്നാണു പ്രാചീനകാലം മുതലുള്ള ഭാരതീയവിശ്വാസം.

അണ്ഡാകൃതിയോടുകൂടിയ ഈ തടാകത്തിനു വലിപ്പം വലുതായിട്ടില്ല. മഴയേറിയ കാലങ്ങളിൽ മാത്രമേ കരകൾ പററി നില്ക്കുവാനുള്ള വെള്ളംതന്നെ ഉണ്ടായിരിക്കൂ. ഇതിൽത്തന്നെ അമ്പത്തിരണ്ട് സ്നാനഘട്ടങ്ങൾ പറയപ്പെടുന്നുണ്ട്. ഇവയിൽ വരാഹഘട്ടം, ബ്രഹ്മഘട്ടം തുടങ്ങിയവ ഏററവും പുണ്യമുള്ള ജലസങ്കേതങ്ങളത്രേ. വരാഹമായി അവതരിച്ച മഹാവിഷ്ണു പ്രത്യക്ഷമായതു വരാഹഘട്ടത്തിലാണെന്നാണു ജനവിശ്വാസം. യജ്ഞാന്ത്യത്തിൽ വിഷ്ണുമഹേശ്വരന്മാരുടെ സാന്നിദ്ധ്യത്തിൽ ബ്രഹ്മാവു നീരാടിയ സ്ഥാനമാണത്രേ ബ്രഹ്മഘട്ടം.

പുഷ്കരമെന്നറിയപ്പെടുന്ന ഭൂപ്രദേശത്തു നാനൂറോളം ക്ഷേത്രങ്ങളുണ്ടായിരുന്നെന്നാണ് ഐതിഹ്യങ്ങൾ അവകാശപ്പെടുന്നതു്. ഇന്നു ബ്രഹ്മാവിൻെറ പ്രാചീന ക്ഷേത്രവും മററു ചിലതും മാത്രമേ കാണാനുള്ളു. ആധുനികകാലത്തു് ദക്ഷിണേന്ത്യൻ ക്ഷേത്രനിർമ്മാണരീതിയിൽ പണിചെയ്തിട്ടുള്ള രംഗനാഥസ്വാമിയുടെ ക്ഷേത്രം ഭക്തജനങ്ങളെ ആകർഷിക്കുന്ന മറെറാരു സങ്കേതമായിത്തീർന്നിട്ടുണ്ട്. ബ്രഹ്മാവ് ചമ്രംപണിഞ്ഞ് ഉപവിഷ്ടനായിട്ടാണു ബ്രഹ്മാക്ഷേത്രത്തിലെ പ്രതിഷ്ഠ. അറങ്ങ്സീബിൻെറ ആധിപത്യകാലത്തു് ഈ ക്ഷേത്രം നശിപ്പിച്ചെങ്കിലും 1719-ൽ അതു വീണ്ടും പഴയമട്ടിൽ പണിചെയ്യപ്പെട്ടു. പില്ക്കാലത്തു് ഈ ക്ഷേത്രത്തിനു പല പരിഷ്കാരങ്ങളും വരുത്തുകയുണ്ടായിട്ടുണ്ട്.